# THE SPOTLIGHT

## Voice of fathima

**Fathima Arts and Sciences College Moothedam**

Managed by The Malankara Catholic Diocese of Bathery,
Affiliated to University of Calicut.
Moothedam, Nilambur, Malappuram Dt-679331
www.fasc.ac.in ,fasc.ac.in@gmail.com

2026 AUGUST | ISSUE#5

DIGITAL MAGAZINE


## ഒരുമയുടെയും തിരിച്ചുപിടിക്കലിന്റെയും ഓണം

ഏവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ!

വീണ്ടുമൊരു ഓണക്കാലം കൂടെ എത്തുമ്പോൾ നമ്മൾ വീണ്ടും പഴമയുടെ സുവർണ്ണകാലത്തെക്കുറിച്ച് ഓർക്കുകയാണ്. പ്രജകളെ ജീവനുതുല്യം സ്നേഹിച്ച മഹാബലി തമ്പുരാന്റെ ഭരണകാലം മാനവികതയുടെയും സമത്വത്തിന്റെയും അതിരറ്റ നന്മയുടെയും പ്രതീകമായിരുന്നു. ഇന്ന് ഈ ക്യാമ്പസ് ജീവിതത്തിലും നമ്മൾ കാത്തുസൂക്ഷിക്കേണ്ടത് ആ തുല്യതയുടെയും പരസ്പര സ്നേഹത്തിന്റെയും മൂല്യങ്ങളാണ്.
വിളവെടുപ്പിന്റെ സമൃദ്ധിയും പൂക്കളങ്ങളുടെ വർണ്ണാഭയും മാത്രമല്ല ഓണം; അത് നന്മയെ വീണ്ടെടുക്കാനുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ്. നമ്മളിൽ അറിയാതെ വളരുന്ന അഹങ്കാരത്തെയും സ്വാർത്ഥതയെയും വിനയം കൊണ്ടും ജ്ഞാനം കൊണ്ടും കീഴടക്കണമെന്ന് വാമനന്റെ മൂന്ന് അടി മണ്ണ് നമ്മെ പഠിപ്പിക്കുന്നു. അനന്തമായ ഈ പ്രപഞ്ചത്തിൽ നാം എത്ര നിസ്സാരരാണെന്നും, നമ്മൾ പരസ്പരം കൈകോർക്കുമ്പോഴാണ് ഈ സമൂഹത്തിന് സൗന്ദര്യമുണ്ടാകുന്നതെന്നും ഓണം നമ്മെ ഓർമ്മിപ്പിക്കുന്നു.
നമ്മുടെ ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജ്, മുത്തടം കുടുംബത്തിലെ ഓരോ അംഗത്തിനും ഈ ഓണം വലിയൊരനുഗ്രഹമായി മാറട്ടെ. വിദ്യാർത്ഥികളുടെ സർഗ്ഗശക്തിയും ചിന്തകളും പങ്കുവെക്കുന്ന 'സ്പോട്ട്ലൈറ്റ്' ഈ വാരത്തിൽ ഓണത്തിന്റെ താത്ത്വികവും സാംസ്കാരികവുമായ മാനങ്ങൾ ഉയർത്തിപ്പിടിക്കുന്നത് ഏറെ സന്തോഷകരമാണ്.എല്ലാവരുടെയും വീടുകളിലും മനസ്സുകളിലും സമ്പൽസമൃദ്ധിയും സമാധാനവും ഐശ്വര്യവും നിറഞ്ഞുനിൽക്കട്ടെ.



ഫാ.സബിൻ അബ്രഹാം
കോളേജ് ബർസാർ

## വിദ്യാർത്ഥികളിൽ സംരംഭകത്വ ചിന്ത വളർത്താൻ 'കൊമേഴ്സിയ '26'



മൂത്തേടം: ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജ് കൊമേഴ്സ് വകുപ്പ്, IQAC എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'കൊമേഴ്സിയ '26' കൊമേഴ്സ് ഡേ ആഘോഷം സംഘടിപ്പിച്ചു.
കോളേജ് പ്രിൻസിപ്പൽ റവ. ഫാ. ഡോ. ഷിബിൻ പി. ജെയിംസ് ഉദ്ഘാടനം ചെയ്തു.ചടങ്ങിൽ കോളേജ് സി.ഇ.ഒ.റവ.ഫാ.എബ്രഹാം പാത്തക്കൽ, ബർസാർ റവ.ഫാ.സാബിൻ എബ്രഹാം,ഐ.ക്യു.എ.സി. കോ ഓർഡിനേറ്റർ ഡോ.നാജിയ ബീഗം തുടങ്ങിയവർ സംസാരിച്ചു.പ്രോഗ്രാം കോ-ഓർഡിനേറ്റർ കെ. ശരണ്യ സ്വാഗതവും മൂന്നാം വർഷ ബികോം ഫിനാൻസ് വിദ്യാർത്ഥി ആര്യ ദേവി നന്ദിയും പറഞ്ഞു

തുടർന്ന് നടന്ന സെമിനാറിൽ എടവണ്ണ ജെ.എൻ. എ.എസ്.സി യിലെ കൊമേഴ്സ് വിഭാഗം അസി. പ്രൊഫസറും, എഡ്യൂ റൂട്ട് (Edu root) ആപ്പിന്റെ സ്ഥാപകനും സി.ഇ.ഒ-യുമായ ശ്രീ. കെ.അബ്ദുൾ ജാസിക് "Financial Freedom Starts Today" എന്ന വിഷയം അവതരിപ്പിച്ചു.സാമ്പത്തിക സ്വാതന്ത്ര്യം, ധനകാര്യ ആസൂത്രണം, സമ്പാദ്യശീലം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് പ്രചോദനമേകുന്നതായിരുന്നു അവതരണം.ആഘോഷത്തിന്റെ ഭാഗമായി ബിസിനസ് ക്വിസ്, മാർക്കറ്റിംഗ് ബാറ്റിൽ,റീൽസ് കോമ്പറ്റീഷൻ, ഐഡിയ ത്തോൺ എന്നീ മത്സരങ്ങളും വിവിധ സ്പോട്ട് ഗെയിമുകളും നടന്നു. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. വിദ്യാർത്ഥികളിൽ ബിസിനസ് അവബോധവും സർഗാത്മകതയും വളർത്താൻ പരിപാടി ഏറെ സഹായകരമായി.

# ഓപ്പറേഷൻ തൂഫാൻ: എൻ.എസ്.എസ്. യൂണിറ്റിന് മൂത്തേടം ഗ്രാമപഞ്ചായത്തിൻ്റെ ആദരം





മൂത്തേടം: കേരള സർക്കാർ നടപ്പിലാക്കി വരുന്ന 'ഓപ്പറേഷൻ തൂഫാൻ' പരിപാടിയുടെ ഭാഗമായി മൂത്തേടം ഗ്രാമപഞ്ചായത്തിൽ മികച്ച രീതിയിൽ ബോധവൽക്കരണ പ്രവർത്തനം സംഘടിപ്പിച്ച മൂത്തേടം ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിലെ എൻ.എസ്.എസ്. യൂണിറ്റിനെ ഗ്രാമപഞ്ചായത്ത് അധികൃതർ ഉപഹാരം നൽകി ആദരിച്ചു.
ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് ഹഫ്സത്ത് എൻ.എസ്.എസ്. പ്രവർത്തകർക്ക് ഉപഹാരം കൈമാറി. ചടങ്ങിൽ സ്ഥിരംസമിതി അധ്യക്ഷൻ രാജു മാസ്റ്റർ, വാർഡ് അംഗം, കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ഷിബിൻ പി. ജെയിംസ്, സി.ഇ.ഒ. എബ്രഹാം പതാക്കൽ, കോളേജ് ബർസാർ ഫാ. സാബിൻ എബ്രഹാം, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ കെ.പി. അബ്ദുൾ ലത്തീഫ്, അസിസ്റ്റൻ്റ് പ്രോഗ്രാം ഓഫീസർ തുടങ്ങിയവർ സംസാരിച്ചു.നാടിന് മാതൃകാപരമായ സേവന പ്രവർത്തനങ്ങളാണ് എൻ.എസ്.എസ്. വളണ്ടിയർമാർ കാഴ്ചവച്ചതെന്ന് ചടങ്ങിൽ സംസാരിച്ചവർ അഭിപ്രായപ്പെട്ടു.

## മസ്തിഷ്ക പഠനവും ചലച്ചിത്ര വിശകലനവും: സൈക്കോളജി വകുപ്പിൻ്റെ വേറിട്ട കൂട്ടായ്മ





മൂത്തേടം: ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിൽ സൈക്കോളജി വകുപ്പിൻ്റെയും ഐ.ക്യൂ.എ.സി -യുടെയും സംയുക്താഭിമുഖ്യത്തിൽ 'ബ്രെയിൻ മോഡൽ' മത്സരവും പ്രത്യേക ചലച്ചിത്ര പ്രദർശനവും സംഘടിപ്പിച്ചു.കോളേജിലെ സൈക്കോളജി ലാബിൽ . വിദ്യാർത്ഥികളുടെ സർഗാത്മകതയും മസ്തിഷ്ക ത്തെ ക്കുറിച്ചുള്ളശാസ്ത്രീയ അറിവുകളും പ്രകടിപ്പിക്കാൻ വേദിയായ മത്സരത്തിൽ ആകെ 7 ടീമുകൾ പങ്കെടുത്ത് മികച്ച മാതൃകകൾ അവതരിപ്പിച്ചു. അധ്യാപകരായ ഡോ. നജിയ ബീഗം, കെ.ശരണ്യ,പി.ടി. വിനീത എന്നിവർ മത്സരത്തിന് വിധികർത്താക്ക ളായി. മൈക്രോബയോളജി മൂന്നാം വർഷ ബിരുദ വിദ്യാർത്ഥികളായ എമിൻ, നിഷാന, അശ്മില എന്നിവർ ഒന്നാം സ്ഥാനവും ഒന്നാം വർഷ വിദ്യാർത്ഥികളായതനിഷ്ക, സാന, ഹന്ന രണ്ടാം സ്ഥാനവും ബി.കോം ഫിനാൻസ് മൂന്നാം വർഷ ബിരുദ വിദ്യാർ ത്ഥികളായഅദ്നാൻ, ജസീൽ, ജിൻഷാദ് എന്നിവർമൂന്നാം സ്ഥാനവും കരസ്ഥമാക്കിപരിപാടിയുടെ സമാപന ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ റവ. ഫാ. ഡോ. ഷിബിൻ പി. ജെയിംസ് കോളേജ് ബർസാർ ഫാ. എബ്രഹാം പാത്തക്കൽ വകുപ്പ് മേധാവി കെ.നീതു എന്നിവർ ജേതാക്കൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.
മത്സരങ്ങൾക്ക് പുറമെ, അന്നേ ദിവസം ഉച്ചകഴിഞ്ഞ് 1:00 മണിക്ക് സൈക്കോളജി വിദ്യാർത്ഥികൾക്കായി മലയാള സിനിമ യായ 'മണിച്ചിത്രത്താഴ്' പ്രത്യേകമായി പ്രദർശിപ്പിച്ചു. ക്ലാസ്സ് മുറികളിൽ പഠിച്ച മനശാസ്ത്രപരമായ ആശയങ്ങൾ ഒരു ചലച്ചിത്ര പശ്ചാത്തലത്തിൽ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു എന്ന് നിരീക്ഷിക്കാനും ചർച്ച ചെയ്യാനും ഈ പ്രദർശനം വിദ്യാർത്ഥികൾക്ക് വലിയൊരു അവസരമായി മാറി. അദ്ധ്യാപകരും പരിപാടിയിൽ സജീവമായി പങ്കെടുത്ത് വിദ്യാർത്ഥികൾക്ക് പിന്തുണയേകി.

## ഗെയിം ഓൺ': കമ്പ്യൂട്ടർ സയൻസ് കളിവിരുന്ന്



: ക്യാമ്പസിന് ആവേശത്തിന്റെ പുതിയ തരംഗം പകർന്ന് മൂത്തേടം ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജ് കമ്പ്യൂട്ടർ സയൻസ് വിഭാഗം സംഘടിപ്പിച്ച "GAME ON! – Play. Compete. Enjoy." ഗെയിമിംഗ് മേള ശ്രദ്ധേയമായി. 2026 ഓഗസ്റ്റ് 14-ന് നടന്ന പരിപാടിയിൽ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളാണ് വാശിയേറിയ പോരാട്ടങ്ങളിൽ മാറ്റുരച്ചത്. ഡിജിറ്റൽ-ബോർഡ് ഗെയിമുകളുടെ ആവേശം ഒത്തുചേർന്ന മേളയിൽ ലൂഡോ, കാരംസ്, പി.ഇ.എസ് (PES), സ്റ്റിക്മാൻ പാർട്ടി, മിനി മിലിഷ്യ എന്നീ ജനപ്രിയ ഗെയിമുകളിലായി രുന്നു മത്സരങ്ങൾ.

വിദ്യാർത്ഥികളുടെ ആവേശകരമായ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ മത്സരങ്ങളിൽ ലൂഡോ വിഭാഗത്തിൽ സിനാനും (ഒന്നാം വർഷ ഫിൻ ടാക്സ്), കാരംസിൽ അഖിലും (മൂന്നാം വർഷ ബി.കോം കോ-ഓപ്പറേഷൻ), പി.ഇ.എസി ൽ (PES) അൽഷെഹും (ഒന്നാം വർഷ ഇക്കണോമിക്സ്) ജേതാക്കളായി. സ്റ്റിക്മാൻ പാർട്ടിയിൽ മീമ ജലീലും (രണ്ടാം വർഷ മൈക്രോ ബയോളജി), മിനി മിലിഷ്യയിൽ ടീം ഇക്കണോമിക്സിലെ ഷബീറും ടീം ബി. കോമിലെ ഷഹലും (രണ്ടുപേരും ഒന്നാം വർഷ വിദ്യാർത്ഥികൾ) വിജയകിരീടം ചൂടി.

ആവേശകരമായ പോരാട്ടങ്ങൾക്കൊ ടുവിൽ വിജയികളായ വർക്ക് ക്യാഷ് പ്രൈസുകൾ സമ്മാനിച്ചു. കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാമി ഷെറിൻ സൈനുദ്ദീൻ, അധ്യാപകരായ രേഷ്മ, സോണിയ തോമസ് എന്നിവർ നേതൃത്വം നൽകി. പഠനത്തോടൊപ്പം വിദ്യാർത്ഥി കളിൽ ആരോഗ്യകരമായ മത്സരബുദ്ധിയും ടീം വർക്കും സൗഹൃദവും വളർത്തി യെടുക്കാൻ ഈ കളിവിരുന്നി ന് സാധിച്ചതായി അധ്യാപകർ പറഞ്ഞു.

## കേരളംകുണ്ട് വെള്ളച്ചാട്ടത്തിലേക്ക് ടൂറിസം വിദ്യാർത്ഥികളുടെ പഠനയാത്ര

മൂത്തേടം: ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിലെ ട്രാവൽ ആൻഡ് ടൂറിസം മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി പ്രകൃതി പഠനയാത്ര സംഘടിപ്പിച്ചു. ഓഗസ്റ്റ് 19-ന് നടന്ന യാത്രയിൽ പ്രസിദ്ധ വിനോദസഞ്ചാര കേന്ദ്രമായ കേരളം കുണ്ട് വെള്ളച്ചാട്ടമാണ് വിദ്യാർത്ഥികൾ സന്ദർശിച്ചത്.ക്ലാസ് മുറികൾക്കപ്പുറമുള്ള പ്രായോഗിക പഠനവും പ്രകൃതിയെ തൊട്ടറിഞ്ഞുള്ള പഠനാനുഭവങ്ങളും ലക്ഷ്യമിട്ടാണ് യാത്ര സംഘടിപ്പിച്ചത്. പുതിയ സ്ഥലങ്ങളെയും സംസ്കാരങ്ങളെയും കുറിച്ച് മനസ്സിലാക്കാനും, ടൂറിസം മേഖലയിലെ തങ്ങളുടെ അറിവുകളും കഴിവുകളും മെച്ചപ്പെടുത്താനും ഈ യാത്രയിലൂടെ സാധിച്ചതായി വിദ്യാർത്ഥികൾ പറഞ്ഞു. ട്രാവൽ ആൻഡ് ടൂറിസം വകുപ്പ് മേധാവി ഫിലിപ്പ് നൈനാൻ അധ്യാപകരായ വി.ബി. ധന്യ,രേവതി ആനന്ദ് തുടങ്ങിയവർ നേതൃത്വം നൽകി.





ഫാത്തിമ കോളേജ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന മാസാന്ത വാർത്താ പത്രികയായ 'The Spotlight' അഞ്ചാം പതിപ്പ് കോളേജ് ഐ.ക്യു.എ.സി കോ -ഓഡിനേറ്റർ ഡോ.നാജിയ ബീഗം,മലയാള വിഭാഗം അധ്യാപകൻ ടി.കെ.സതീശന് നൽകി പ്രകാശനം ചെയ്യുന്നു

**ഫാത്തിമ കോളേജ് ലൈബ്രറിയുടെ 'The Spotlight' വാർത്താപത്രികയിലേക്കുള്ള സൃഷ്ടികൾ 7594932104 എന്ന നമ്പറിലേക്ക് വാട്സ് ആപ്പ് ചെയ്യുക**













# ഓണാഘോഷം



**സെൽഫി സ്പോട്ടിലേക്ക് നിങ്ങൾക്കും സെൽഫികൾ അയക്കാം**
**+91 75949 32104**

എഡിറ്റോറിയൽ

**എഡിറ്റോറിയൽ**

**പ്രിയപ്പെട്ടവരെ,**
**ക്യാമ്പസുകളുടെ ചടുലതയും സർഗാത്മകതയും വായനക്കാരിലേക്ക് എത്തിക്കുന്ന 'സ്പോട്ട്ലൈറ്റ് ഡിജിറ്റൽ മാഗസിന്റെ' പുതിയ പതിപ്പിലേക്ക് ഹൃദയപൂർവ്വം സ്വാഗതം!**
**അറിവും ആഘോഷവും സാമൂഹിക പ്രതിബദ്ധതയും നിറഞ്ഞ ക്യാമ്പസ് ജീവിതത്തിന്റെ വൈവിധ്യമാർന്ന കാഴ്ചകളാണ് ഈ ലക്കത്തിലൂടെ നിങ്ങളിലേക്ക് എത്തിക്കുന്നത്.**
**'കൊമേഴ്സിയ '26' വിദ്യാർത്ഥികളിൽ സംരംഭകത്വ സ്വപ്നങ്ങൾക്ക് ചിറകേകിയപ്പോൾ, കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിന്റെ 'ഗെയിം ഓൺ' മത്സരങ്ങൾ ക്യാമ്പസിന് ആവേശവും പുത്തൻ ഊർജവും പകർന്നു.**
**'മസ്തിഷ്ക പഠനവും ചലച്ചിത്ര വിശകലനവും' വേറിട്ട പഠനാനുഭവമായി മാറിയപ്പോൾ, ടൂറിസം വിദ്യാർത്ഥികളുടെ കേരളാംകുണ്ട് വെള്ളച്ചാട്ട പഠനയാത്ര പ്രകൃതിയിലൂടെയുള്ള പഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.**
**നാടിന്റെ നന്മയ്ക്കായി എൻ.എസ്.എസ്. യൂണിറ്റ് നടപ്പാക്കിയ 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിക്ക് ലഭിച്ച ഗ്രാമപഞ്ചായത്തിന്റെ ആദരം സാമൂഹിക പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമായി.**
**അതോടൊപ്പം, മലയാളിത്തത്തിന്റെ തനിമയും സൗഹൃദവും നിറച്ച ഓണാഘോഷം ക്യാമ്പസ് ജീവിതത്തിന് മനോഹരമായ ഓർമ്മകൾ സമ്മാനിച്ചു.**
**അറിവും സർഗാത്മകതയും ആഘോഷങ്ങളും നിറഞ്ഞ ഈ ലക്കം ഏവർക്കും പ്രചോദനമാകട്ടെ.**
**നല്ലൊരു വായനാനുഭവം ആശംസിക്കുന്നു!**
**സ്നേഹപൂർവ്വം,**
**എഡിറ്റോറിയൽ ബോർഡ്**
**ഫാത്തിമ കോളേജ് ലൈബ്രറി**